പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2472 **27-10-2026-ൽ മറുപടിയ്ക്ക്**

സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങളുടെ സുരക്ഷ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുഹമ്മദ് മുഹസിൻ ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) സാമ്പത്തിക പ്രതിസന്ധിയിലായ സഹകരണ ബാങ്കുകളിൽ നിക്ഷേപിച്ച പണം നിക്ഷേപകർക്ക് തിരികെ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

മറുപടി: സാമ്പത്തിക പ്രതിസന്ധിയിലായ സഹകരണ ബാങ്കുകളിൽ നിക്ഷേപിച്ച പണം നിക്ഷേപകർക്ക് തിരികെ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച പ്രധാന നടപടികൾ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) വിശ്വാസ് പദ്ധതി

സഹകരണ സംഘങ്ങളിൽ നിക്ഷേപങ്ങൾ തിരികെ നൽകുന്നതുമായി ബന്ധപ്പെട്ടുണ്ടായ പ്രതിസന്ധികൾക്ക് പരിഹാരം കാണുന്നതിനും നിക്ഷേപകരുടെ താൽപ്പര്യങ്ങളും വിശ്വാസ്യതയും സംരക്ഷിക്കുന്നതിനുമായി "വിശ്വാസ്" എന്ന പേരിൽ ഒരു നിക്ഷേപ സുരക്ഷാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്.

ഇതിന്റെ ഭാഗമായി, പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ജില്ലാതലത്തിൽ സഹകരണ സംഘങ്ങളെ വിവിധ വിഭാഗങ്ങളായി തരംതിരിച്ച് കൃത്യമായ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. കൂടാതെ, മുഴുവൻ സംഘങ്ങളെയും നിക്ഷേപ ഗ്യാരന്റി പദ്ധതിയുടെ പദ്ധതിയുടെ ഭാഗമാക്കിക്കൊണ്ട് എല്ലാ നിക്ഷേപങ്ങൾക്കും പൂർണ്ണ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2) കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം, 2018

സഹകരണസംഘങ്ങളിലെ നിക്ഷേപങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിലൂടെ നിക്ഷേപകരിൽ ആത്മവിശ്വാസം വളർത്തുന്നതിനും കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുമായാണ് 'കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം, 2018' രൂപീകരിച്ചത്. 1969-ലെ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്ത പ്രവർത്തിക്കുന്നതും പ്രസ്തുത സ്കീമിൽ അംഗങ്ങളായതുമായ സംഘങ്ങൾ ലിക്വിഡേഷനിലാവുന്ന സാഹചര്യത്തിൽ, നിക്ഷേപകർക്ക് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ടിൽ നിന്നും പരമാവധി 5 ലക്ഷം രൂപ വരെ 'സെറ്റിൽമെന്റ് ഓഫ് ക്ലെയിം' (Settlement of Claim) ആയി നൽകിവരുന്നു.

ഗ്യാരന്റീഡ് സംഘങ്ങളിലെ നിക്ഷേപകർക്ക് നൽകിവരുന്ന ക്ലെയിം തുകയുടെ പരമാവധി പരിധി, നിക്ഷേപകൻ നിശ്ചിത വിഹിതം അടയ്ക്കുന്ന പക്ഷം, 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി

വർദ്ധിപ്പിച്ചുകൊണ്ട് സ്കീം ഭേദഗതി ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ലിക്വിഡേഷനിൽ ഉൾപ്പെടുന്ന സംഘങ്ങൾക്ക് പുറമെ, അഴിമതി, സാമ്പത്തിക ക്രമക്കേട്, പണാപഹരണം എന്നിവ മൂലമല്ലാതെ മറ്റ് കാരണങ്ങളാൽ സാമ്പത്തിക പ്രതിസന്ധിയിലായ തും എന്നാൽ ലിക്വിഡേഷനിൽ ഉൾപ്പെടാത്തതുമായ സംഘങ്ങൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കത്തക്ക വിധത്തിൽ നിക്ഷേപ ഗ്യാരന്റി പദ്ധതി പരിഷ്കരിക്കുന്നതിനുള്ള കരട് നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിൽ ഭരണസമിതി നിലവിൽവരുന്ന മുറയ്ക്ക് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

3). ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി(ആശ്വാസ്)

സംസ്ഥാന സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ വർധിച്ചു വരുന്ന കുടിശ്ശിക/നിഷ്ക്രിയ ആസ്തികൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടേയും ഇത്തരം സംഘങ്ങളിൽ നിന്നും വായ്പ്പയെടുത്തിട്ടുള്ള സാമ്പത്തിക പ്രതിസന്ധി, ഗുരുതര രോഗം, കുടുംബത്തിലെ മരണങ്ങൾ, പ്രകൃതിക്ഷോഭം തുടങ്ങിയ കാരണങ്ങളാൽ യഥാസമയം തിരിച്ചടക്കാൻ കഴിയാതെ കുടിശ്ശികയായ വായ്പകളുടെ ബാധ്യതയിൽപ്പെട്ട സഹകാരികൾക്ക് ഇളവുകളോടെ വായ്പാക്കണക്ക് അവസാനിപ്പിക്കുവാൻ അവസരം നൽകി ക്കൊണ്ടും 2026 ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി "ആശ്വാസ് 2026" നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ സംഘം തിരിച്ചുപിടിക്കുന്ന വായ്പാ തുക പ്രധാനമായും ടി സംഘത്തിലെ നിക്ഷേപകർക്ക് നിക്ഷേപം തിരികെ നൽകുന്നതിലേയ്ക്കായാണ് ഉപയോഗിക്കുന്നത്.

4). ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികൾ

സാമ്പത്തിക പ്രതിസന്ധിയിലായ സംഘങ്ങളിൽ നിന്നും വായ്പ എടുത്തതിനു ശേഷം തുക തിരിച്ചടയ്ക്കാത്തവർക്കെതിരായി ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികളിലൂടെ തുക തിരികെ പിടിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി ആർബിട്രേഷൻ, എക്സിക്യൂഷൻ എന്നിവ കൈകാര്യം ചെയ്യുന്ന എല്ലാ ജില്ലകളിലേയും സെയിൽ ഓഫീസർമാർ, A&E ഇൻസ്പെക്ടർമാർ എന്നിവർക്ക് സമഗ്രമായ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

5). സർചാർജ്ജ്" (Surcharge)

ഒരു സഹകരണ സംഘത്തിന് സംഭവിക്കുന്ന സാമ്പത്തിക നഷ്ടങ്ങൾ, ക്രമക്കേടുകൾ, അല്ലെങ്കിൽ ദുർവ്യയം എന്നിവയ്ക്ക് ഉത്തരവാദികളായ വ്യക്തികളിൽ നിന്ന് തുക ഈടാക്കുന്നതിനുള്ള നടപടികളെക്കുറിച്ച് പ്രദിപാതിക്കുന്നതാണ്, സഹകരണ സംഘം നിയമം, 1969 -ലെ വകുപ്പ് 68 പ്രകാരമുള്ള സർചാർജ്ജ് നടപടി.

സഹകരണ സംഘത്തിലെ സ്വത്തോ പണമോ ദുരുപയോഗം ചെയ്ത ഭരണസമിതിയംഗങ്ങൾ, ജീവനക്കാർ അല്ലെങ്കിൽ മറ്റ് ചുമതലക്കാരായ വ്യക്തികൾ എന്നിവരിൽ നിന്ന് നഷ്ടപ്പെട്ട തുക പലിശ സഹിതം തിരികെ പിടിച്ചെടുക്കാൻ രജിസ്ട്രാർക്ക് വലിയ അധികാരം നൽകുന്ന വകുപ്പാണിത്.

വകുപ്പ് 68 (1) പ്രകാരം, രജിസ്ട്രാർക്ക് താഴെ പറയുന്ന അന്വേഷണ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർചാർജ്ജ് നടപടികൾ ആരംഭിക്കാം:

വകുപ്പ് 63 പ്രകാരമുള്ള വാർഷിക ഓഡിറ്റ് (Audit) റിപ്പോർട്ട്.

വകുപ്പ് 65 പ്രകാരമുള്ള പ്രത്യേക അന്വേഷണ (Inquiry) റിപ്പോർട്ട്.

വകുപ്പ് 66 പ്രകാരമുള്ള പരിശോധനാ (Inspection) റിപ്പോർട്ട്.

സംഘം ലിക്വിഡേഷനിലാവുകയാണെങ്കിൽ ലിക്വിഡേറ്ററുടെ റിപ്പോർട്ട്.

ക്രമക്കേട് നടത്തുന്ന ഭരണസമിതിയംഗങ്ങൾ, ജീവനക്കാർ എന്നിവരുടെ വ്യക്തിഗത സ്വത്തുക്കൾ കണ്ടുകെട്ടി തുക ഈടാക്കുന്നതിനുള്ള ജപ്തി നടപടികൾ വേഗത്തിലാക്കിയിട്ടുണ്ട്.

(ബി) നിക്ഷേപകരുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇത്തരത്തിലുള്ള സർക്കാർ ഇടപെടലിലൂടെ എത്ര നിക്ഷേപകർക്ക് എത്ര തുക തിരികെ നൽകിയെന്ന് ജില്ല, വർഷം എന്നിവ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

മറുപടി: നിക്ഷേപകരുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി സഹകരണ വകുപ്പിൽ നിലവിലുള്ള സംവിധാനങ്ങൾ താഴെ പറയുന്നവയാണ്.

1. 1969 ലെ സഹകരണ നിയമപ്രകാരമുള്ള വകുപ്പുതല പരിശോധനയും അന്വേഷണവും

- 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 65 അന്വേഷണം

സഹകരണ സംഘങ്ങളിലെ പരിശോധനകളിൽ ഏതെങ്കിലും തരത്തിലുള്ള ധനാപഹരണം, ധനദുർവിനിയോഗം, ഭരണ നിർവ്വഹണത്തിലെ കെടുകാര്യസ്ഥത, സഹകരണ നിയമം, ചട്ടം, സംഘം നിയമാവലി എന്നിവ പാലിക്കാതെയുള്ള പ്രവർത്തനങ്ങൾ, സഹകരണ ആഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട്/ അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ട്/ സ്പെഷ്യൽ റിപ്പോർട്ടിന്മേൽ, സംഘം കമ്മിറ്റിയിലെ ഭൂരിപക്ഷം അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടാൽ അല്ലെങ്കിൽ ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്നിൽ കുറയാത്തതോ അല്ലെങ്കിൽ പൊതുയോഗ കോറത്തിനാവശ്യമായ എണ്ണം അംഗങ്ങളോ ഏതാണോ കുറവ് അവരുടെ അപേക്ഷയിന്മേൽ, ധനസഹായ ബാങ്കിന്റെ അപേക്ഷയിന്മേൽ, അഫിലിയേറ്റ് ചെയ്ത സംഘം ഭരണസമിതിയുടെ അപേക്ഷയിന്മേൽ രജിസ്ട്രാർ വകുപ്പ് 65 പ്രകാരം അന്വേഷണ ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

- 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 66 പരിശോധന :

ഒരു സംഘത്തിന്റെ കണക്കുപുസ്തകങ്ങൾ, രേഖകൾ, പ്രവർത്തനങ്ങൾ എന്നിവയെ കുറിച്ചുള്ള പ്രത്യേക പരിശോധനയാണിത്. രജിസ്ട്രാർക്ക് സ്വമേധയായോ,അല്ലെങ്കിൽ നിക്ഷേപകരുടെയോ, അംഗങ്ങളുടെയോ പരാതിയുടെ അടിസ്ഥാനത്തിലോ വകുപ്പ് 66(2) പരിശോധന നടത്താവുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വകുപ്പ് 66 പ്രകാരമുള്ള പരിശോധനയ്ക്കായി 41 ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി പരിശോധനകളിൽ ഗുരുതര ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

- 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 68(1), 68(2):

വകുപ്പ് 63 ഓഡിറ്റ്, വകുപ്പ് 65, വകുപ്പ് 66 പരിശോധന എന്നിവയിൽ ഏതെങ്കിലും ഒന്നിലൂടെ സംഘത്തിന് സാമ്പത്തിക നഷ്ട്ടം സംഭവിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടാൽ ഈ വകുപ്പുകൾ പ്രകാരം സംഘത്തിന് നഷ്ടം വരുത്തിയ വ്യക്തികൾ, ജീവനക്കാർ, ഭരണ സമിതി അംഗങ്ങൾഎന്നിവരിൽ നിന്നും പലിശ സഹിതം തിരിച്ചു പിടിക്കാവുന്നതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വകുപ്പുതല പരിശോധനകളുടെയും അന്വേഷണങ്ങളുടെയും പുരോഗതികൾ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി സംസ്ഥാനതലത്തിൽ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ മുന്നോടിയായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനനുബന്ധമായി ജില്ലാതലത്തിലും താലൂക്ക് തലത്തിലും ജോയിന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ എന്നിവരുടെ നേതൃത്വത്തിലുള്ള സെല്ലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾസ്വീകരിച്ചുവരുന്നു.

2. 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം നിയമിച്ചിട്ടുള്ള വിജിലൻസ് ഓഫീസർ

സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും സാമ്പത്തിക ക്രമക്കേടുകളും ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രത്തിൽ സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം പ്രവർത്തിച്ചു വരുന്ന സഹകരണ വിജിലൻസ് സംവിധാനത്തിലൂടെയും ജോയിന്റ് രജിസ്ട്രാർമാർ മുഖാന്തിരവും അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. സഹകരണ വിജിലൻസിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സഹകരണ വിജിലൻസിന്റെ മൂന്ന് മേഖലാ ആഫീസുകൾക്കും ഈ സർക്കാറിന്റെ കാലത്ത് പുതിയ വാഹനം അനുവദിച്ചിട്ടുള്ളതാണ്. വകുപ്പ് 68 B പ്രകാരം ഗവൺമെന്റിനോ സഹകരണ സംഘം രജിസ്ട്രാർക്കോ ക്രമക്കേട് നടന്ന സംഘങ്ങളിൽ അന്വേഷണം നടത്തുന്നതിന് പോലീസിനോ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്കോ കൈമാറാവുന്നതാണെന്ന വ്യവസ്ഥ കൊണ്ടുവന്നിട്ടുള്ളതാണ്.

3. 'കേരള സഹകരണ ഓംബുഡ്സ്മാൻ'

സഹകരണസംഘങ്ങളുമായി ബന്ധപ്പെട്ട ബാങ്കിംഗ് ഇതര സേവനങ്ങളും സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 69എ പ്രകാരം 'കേരള സഹകരണ ഓംബുഡ്സ്മാൻ' രൂപീകരിച്ചിട്ടുണ്ട്.

4.ആർബിട്രേഷൻ എക്സിക്യൂഷൻ നടപടികൾ

സംസ്ഥാനത്തെ സഹകരണസംഘങ്ങൾക്ക് ലഭിക്കാനുള്ള തുക ഈടാക്കി എടുക്കുന്നതിനായി സഹകരണസംഘം രജിസ്ട്രാറിന് ആർബിട്രേറ്റർമാരെ നിയമിക്കാവുന്നതാണ്. സംഘങ്ങളുമായി ബന്ധപ്പെട്ട ധനപരമായ തർക്കങ്ങൾ ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികളിലൂടെ തിരികെ പിടിക്കുന്നതിനായി സെയിൽ ഓഫീസർമാർ, A&E തുടങ്ങിയവരുടെ തസ്തികൾ വകുപ്പിൽ നിലവിലുണ്ട്.

5.സർക്കാരിന്റെ ഓൺലൈൻ പരാതി പരിഹാര പോർട്ടലുകൾ

നിക്ഷേപകർക്ക് നിക്ഷേപം തിരികെ ലഭിക്കാത്തതുമായി ബന്ധപ്പെട്ടത് ഉൾപ്പെടെയുള്ള പരാതികൾ സഹകരണ വകുപ്പിലേക്കും മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിലേക്കും ഓൺലൈനായി നൽകാവുന്നതാണ്. ഇത്തരം പരാതികൾ ലഭിച്ചാലുടൻതന്നെ നടപടി സ്വീകരിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷകനെ വിവരം അറിയിക്കാവുന്നതാണ്.

സാമ്പത്തിക ക്രമക്കേടുകൾ മൂലം നിക്ഷേപം തിരികെ നൽകാൻ കഴിയാത്ത സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ താത്പര്യം സംരക്ഷിക്കുന്നതിനു BUDS Act പ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

മേൽപ്പറഞ്ഞ സംവിധാനങ്ങൾ കൂടാതെ നിക്ഷേപകർ സമർപ്പിക്കുന്ന അപേക്ഷകൾ ജില്ലാ തലത്തിൽ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാരും, താലൂക്കുകളിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാരും പരിശോധിച്ച് നടപടി സ്വീകരിക്കുന്നു. സംസ്ഥാനതലത്തിൽ ലഭിക്കുന്ന പരാതികൾ സഹകരസംഘം രജിസ്ട്രാർ പരിശോധിച്ച് നടപടി സ്വീകരിക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 18.05.2026 മുതൽ നാളിതുവരെ സർക്കാർ ഇടപെടലിലൂടെ നിക്ഷേപകർക്ക് തിരികെ നൽകിയ തുകയുടെ ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	ജില്ലയുടെ പേര്	നിക്ഷേപ കരുടെ എണ്ണം	തിരികെ നൽകിയ തുക (ലക്ഷത്തിൽ)
1	തിരുവനന്തപുരം	8171	23563.51
2	കൊല്ലം	1587	1007.38
3	പത്തനംതിട്ട	4659	3421.30
4	ആലപ്പുഴ	1200	459.80
5	കോട്ടയം	8259	3090.22
6	ഇടുക്കി	4359	5205.13
7	എറണാകുളം	1294	121.33
8	തൃശ്ശൂർ	6315	985.58
9	പാലക്കാട്	44	166.00
10	മലപ്പുറം	0	0
11	കോഴിക്കോട്	6036	1400.78
12	കണ്ണൂർ	0	0
13	വയനാട്	0	0
14	കാസറഗോഡ്	235	134.51

(സി) സഹകരണ സംഘങ്ങളിൽ നിലവിലുള്ള ഓഡിറ്റ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

മറുപടി: സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ സാമ്പത്തിക സുതാര്യതയും വിശ്വസനീയതയും ഉറപ്പുവരുത്തുന്നതിനും ആഡിറ്റിംഗ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

(1) ടീം ആഡിറ്റ് സ്കീം

സഹകരണ മേഖലയിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും തട്ടിപ്പുകളും സാമ്പത്തിക തിരിമറികളും തടയുന്നതിനുമായി സർക്കാർ 16.07.2025-ലെ സ.ഉ.(സാധാ) നം. 340/2025/Co-Op ഉത്തരവ് പ്രകാരം ഇടക്കാല "ടീം ആഡിറ്റ് സ്കീം" നടപ്പിലാക്കിയിട്ടുണ്ട്.

ചുവടെ ചേർക്കുന്ന ലക്ഷ്യങ്ങൾ മുൻ നിർത്തിയാണ് ടീം ആഡിറ്റ് സ്കീം സംവിധാനം നിലവിൽ വന്നതിലൂടെ:

1) സാമ്പത്തിക തിരിമറികളും ക്രമക്കേടുകളും ഫലപ്രദമായി പ്രതിരോധിക്കാൻ സാധിക്കുന്നു.

2) ആഡിറ്റ് നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുന്നു.

3) ആഡിറ്റിന്റെ ഗുണനിലവാരവും കൃത്യതയും ഉറപ്പുവരുത്താൻ സാധിക്കുന്നു.

2025-2026 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിയ ടീം ഓഡിറ്റ് സംവിധാനത്തിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തി വരികയാണ്. പ്രസ്തുത വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ടീം ഓഡിറ്റിംഗ് കൂടുതൽ കാര്യക്ഷമവുമാക്കുന്നതി നാവശ്യമായ ഭേദഗതികൾ/പരിഷ്കാരങ്ങൾ വരുത്താൻ നടപടി സ്വീകരിക്കുന്നതായിരിക്കും.

(2) <u>സഹകരണ സംഘങ്ങളിലെ കണക്കുകൾ സൂക്ഷിക്കലും അക്കൗണ്ടിംഗ് മാനദണ്ഡങ്ങളും</u>

കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 34A പ്രകാരം, സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ കണക്കുകൾ സൂക്ഷിക്കുന്നതും ഏകീകൃത സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതും സംബന്ധിച്ച വ്യവസ്ഥകൾ നിർദ്ദേശിച്ചിട്ടുണ്ട്.

ഇതനുസരിച്ച്:

എല്ലാ സഹകരണ സംഘങ്ങളും പൊതുവായി അംഗീകരിക്കപ്പെട്ടിട്ടുള്ള അക്കൗണ്ടിംഗ് തത്ത്വങ്ങൾക്ക് (Generally Accepted Accounting Principles) അനുസൃതമായി ലാഭനഷ്ടക്കണക്കുകളും ആസ്തി-ബാധ്യത വിവരണപ്പട്ടികയും (Balance Sheet) തയാറാക്കേണ്ടതാണ്.

നിർദ്ദിഷ്ട ചട്ടങ്ങൾക്കനുസൃതമായി ഡബിൾ എൻട്രി ബുക്ക് കീപ്പിംഗ് സിസ്റ്റം (Double Entry Book Keeping System) ഉറപ്പാക്കുന്ന രീതിയിൽ എല്ലാ അക്കൗണ്ട് പുസ്തകങ്ങളും സാമ്പത്തിക വിവരണങ്ങളും തയാറാക്കി സൂക്ഷിക്കാൻ സംഘങ്ങൾ ബാധ്യസ്ഥരാണ്.

(3) <u>സഹകരണ സംഘങ്ങളിലെ സാമ്പത്തിക സുതാര്യതയും ആധുനിക ഓഡിറ്റിംഗ് രീതികളും</u>

സഹകരണ സംഘങ്ങളിലെ ഓഡിറ്റിംഗ് സംവിധാനം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി ചുവടെ പറയുന്ന നവീന സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്:

1) എൻട്രി-എക്സിറ്റ് മീറ്റിംഗ് (Entry-Exit Meeting): ഓഡിറ്റ് ആരംഭിക്കുന്നതിന് മുന്നോടിയായും പൂർത്തീകരണ സമയത്തും ഭരണസമിതി അംഗങ്ങളുമായും ഉദ്യോഗസ്ഥരുമായും ആശയവിനിമയം നടത്തുന്ന എൻട്രി-എക്സിറ്റ് മീറ്റിംഗ് രീതി നിലവിൽ വരുത്തിയിട്ടുണ്ട്.

2) ഡ്രാഫ്റ്റ് ഓഡിറ്റ് മെമ്മോ (Draft Audit Memo): ഓഡിറ്റ് വേളയിൽ കണ്ടെത്തുന്ന വിവരങ്ങളും പോരായ്മകളും പ്രാഥമികമായി അറിയിക്കുന്നതിനായി ഡ്രാഫ്റ്റ് ഓഡിറ്റ് മെമ്മോ നൽകുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

3) ഓഡിറ്റ് മെട്രിക്സ് (Audit Matrix): ഓഡിറ്റിന്റെ പുരോഗതിയും നിലവാരവും കൃത്യമായി വിലയിരുത്തുന്നതിനായി ഓഡിറ്റ് മെട്രിക്സ് രീതി നടപ്പിലാക്കിയിട്ടുണ്ട്.

4) ഓഡിറ്റ് പാരാ സിസ്റ്റം (Audit Para System) & കംപ്ലയൻസ് മോണിറ്ററിംഗ് (Compliance Monitoring): ഓഡിറ്റിൽ കണ്ടെത്തുന്ന ക്രമക്കേടുകളും നിർദ്ദേശങ്ങളും (Audit Paras) തുടർനടപടികൾക്കായി നിരീക്ഷിക്കുന്നതിനും, അവമേലുള്ള മറുപടികളും പരിഹാരനടപടികളും സമയബന്ധിതമായി നിരീക്ഷിക്കുന്നതിനുമായി കംപ്ലയൻസ് മോണിറ്ററിംഗ് സംവിധാനവും ശക്തമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ